'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2735 — 06.11.2019 ന് മറുപടിയ്ക്ക്

## വന്യമൃഗങ്ങളുടെ ആക്രമണത്തിൽ മരണപ്പെടുന്നവരുടെ കുടുംബത്തിനുള്ള ആനുകൂല്യങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി.കെ. ശശീന്ദ്രൻ** | | **അഡ്വ. കെ.രാജു**<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | വയനാട് ജില്ലയിൽ കഴിഞ്ഞ 10 വർഷത്തിൽ എത്ര ആളുകൾ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ മരണപ്പെട്ടിട്ടുണ്ട്; വിശദമാക്കാമോ; | (എ) | വനത്തിനു പുറത്തു വച്ച് പാമ്പുകടിയേറ്റുണ്ടായ മരണങ്ങൾ ഉൾപ്പെടെ 58 ആളുകൾ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ മരണപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇത്തരത്തിൽ മരണപ്പെടുന്ന ആളുകളുടെ കുടുംബത്തിന് സർക്കാർ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നത്; വിശദമാക്കാമോ; | (ബി) | വന്യജീവികളുടെ ആക്രമണം നേരിട്ടവർ-ക്ക് 1980-ലെ 'ദി കേരള റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ റ്റു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ്' പ്രകാരം നഷ്ടപരിഹാരം നൽകി വരുന്നു. 05/04/2018-ലെ സർക്കാർ ഉത്തരവ് (കൈ) നം.17/2018/വനം പ്രകാരം തുക വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിൽ വന്യജീവി ആക്രമണം മൂലമുള്ള മരണത്തിന്, അനന്തരാവകാശികൾ-ക്ക് 1 0 ലക്ഷം രൂപയും (5 ലക്ഷം രൂപ അനന്തരാവകാശിക്ക് മരിച്ചയാളുടെ ബന്ധുവാണെന്ന് തെളിയിക്കുന്ന രേഖകളുടെ അടിസ്ഥാനത്തിൽ ആദ്യഗഡുവായും ബാക്കി തുക അനന്തരാവകാശ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും നൽകുന്നു) വനത്തിനു പുറത്തു വച്ചുള്ള പാമ്പുകടി മൂലമുള്ള മരണത്തിന് 2 ലക്ഷം രൂപയുമാണ് നഷ്ടപരിഹാരമായി നൽകുന്നത്. |
| (സി) | വന്യമൃഗങ്ങളുടെ ആക്രമണത്തിൽ മരണപ്പെടുന്നവരുടെ കുടുംബത്തിന് സർക്കാർ പ്രഖ്യാപിച്ച ധനസഹായം പൂർണ്ണമായി ലഭിച്ചിട്ടില്ല എന്നതും കുടുംബത്തിലെ ഒരംഗത്തിന് ജോലി നൽകുമെന്ന വാഗ്ദാനവും നടപ്പിലായില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) & (ഡി) | വയനാട് വന്യജീവി ഡിവിഷനു കീഴിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ മരണപ്പെട്ട 3 പേരുടെ ആശ്രിതർക്ക് അനന്തരാവകാശ സർട്ടിഫിക്കറ്റ് സമർപ്പിക്കാത്തതിനാൽ പൂർണ്ണമായി നഷ്ടപരിഹാരം നൽകാൻ കഴിഞ്ഞിട്ടില്ല. നിലവിലെ ചട്ടങ്ങൾ പ്രകാരം കുടുംബത്തിലെ ഒരംഗത്തിന് ജോലി നല്കാൻ വ്യവസ്ഥയില്ല. |
| (ഡി) | ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ